LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യൽ റൂൾ അനുസരിച്ച് പ്രമോഷൻ

148 [1275] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ അനുസരിച്ച് 1:1 റേഷ്യോയിൽ ഡിപ്ലോമ-നോൺ ഡിപ്ലോമ വിഭാഗത്തിന് പ്രമോഷൻ നൽകാൻ വ്യവസ്ഥയുണ്ടോ ; എങ്കിൽ ഇത് നടപ്പിലാക്കിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് കോടതി വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ ; എങ്കിൽ അത് എന്താണെന്നും, നടപ്പിലാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 1-7-1980-ലെ ജി.ഒ. (പി) 100/80/ഉ.വി.വ നമ്പരായ ഉത്തരവുപ്രകാരം 30-1-1978 മുതൽ പ്രാബല്യത്തോടെ സ്പെഷ്യൽ റൂൾ അനുസരിച്ച് 1:1 റേഷ്യോയിൽ ഡിപ്ലോമ-നോൺ ഡിപ്ലോമ വിഭാഗത്തിന് പ്രമോഷൻ നൽകണമെന്ന് വ്യവസ്ഥ ഉണ്ടായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഫുൾ ബഞ്ച് 16867/95/ജി. നമ്പർ ഒ.പി.-യിന്മേലും അനുബന്ധ ഒ.പി.-കളിലും 4-11-2004-ന് പുറപ്പെടുവിച്ച വിധിന്യായ പ്രകാരം സാങ്കേതിക വിഭാഗത്തിലെ ഉദ്യോഗക്കയറ്റത്തിന് നിഷ്കർഷിച്ചിട്ടുള്ള 1:1 അനുപാതം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഗവൺമെന്റ് പ്രസ്സിലെ അറ്റകുറ്റപ്പണികൾ

149 [1276] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം ഗവൺമെന്റ് പ്രസ്സിലെ യന്ത്ര സാമഗ്രികളുടെ അറ്റകുറ്റപ്പണിക്കായി എത്ര രൂപയാണ് ബഡ്ജറ്റിൽ നീക്കി വച്ചിരുന്നതെന്നും ഇതിൽ എത്ര രൂപയാണ് ചെലവഴിച്ചതെന്നും ചെലവഴിച്ചിട്ടില്ലെങ്കിൽ ഇതിന്റെ കാരണവും വിശദീകരിക്കാമോ ;

(ബി) ഏതൊക്കെ മെഷീനുകളുടെ അറ്റകുറ്റപ്പണി പൂർത്തീകരിച്ചുവെന്നും ഇനി എത്ര എണ്ണം പൂർത്തീകരിക്കാനുണ്ട് എന്നും വ്യക്തമാക്കാമോ ;

(സി) അറ്റകുറ്റപ്പണി നടത്താത്തതുമൂലം, ജീവനക്കാർക്ക് ഉൽപാദനക്ഷമതാ പരിധി കൈവരിക്കാൻ സാധിക്കാതിരിക്കുന്നത് ഏതൊക്കെ ഗവൺമെന്റ് പ്രസ്സുകളിലാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) യന്ത്രസാമഗ്രികളുടെ അറ്റകുറ്റപ്പണി യഥാസമയം നിർവ്വഹിക്കാതിരുന്നത് ഏതൊക്കെ ഉദ്യോഗസ്ഥരുടെ വീഴ്ച കൊണ്ടാണെന്നും ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം 8,70,000 രൂപ അച്ചടി വകുപ്പിൽ യന്ത്ര സാമഗ്രികളുടെ അറ്റകുറ്റപ്പണിക്കായി ബഡ്ജറ്റിൽ നീക്കി വച്ചിരുന്നു. ഇതിൽ 7,67,000 രൂപ വിവിധ പ്രസ്സുകൾക്ക് ടി ചെലവുകൾക്കായി നൽകി. ആവശ്യമനുസരിച്ച് ഇനിയും തുക ചെലവഴിക്കേണ്ടതായി വന്നേക്കും.

(ബി) മെഷീനുകളുടെ അറ്റകുറ്റപ്പണികൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് റിപ്പയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

(സി) അറ്റകുറ്റപ്പണി നടത്താത്തതുമൂലം, ഈ വകുപ്പിനു കീഴിലുള്ള ജീവനക്കാർക്ക് ആർക്കും ഉൽപാദനക്ഷമതാ പരിധി കൈവരിക്കാൻ സാധിക്കാതിരുന്നിട്ടില്ല.

(ഡി) ഉദ്യോഗസ്ഥരുടെ വീഴ്ചകൊണ്ട് യന്ത്രസാമഗ്രികളുടെ അറ്റകുറ്റപ്പണി യഥാസമയം നിർവ്വഹിക്കാത്ത സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

നക്ഷത്രചിഹ്നമിടാത്ത 1175, 1176, 1177, 1178, 1179, 1180, 1181, 1182, 1184, 1185, 1186, 1187, 1188, 1189, 1190, 1191, 1192, 1193, 1194, 1196, 1199, 1236, 1237, 1247, 1252, 1253 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

GPM. 2/154/2013—20

LIBRARY ARCHIVES Kerala Legislative Assembly